മലയാള മനോരമ 03 February 2022

# ക്വീൻ ഫിഷ് കുടുംബത്തിലേക്ക് ഇനി 'പോളവറ്റ'യും

കൊച്ചി ● ഇന്ത്യയുടെ സമുദ്ര മത്സ്യ സമ്പത്തിൽ പുതിയ ഒരിനം കൂടി. വറ്റ കുടുംബത്തിൽപ്പെട്ട 'ക്വീൻ ഫിഷ്' വിഭാഗത്തിലാണു പുതിയ മത്സ്യത്തെ കണ്ടെത്തിയത്. ഭക്ഷ്യയോഗ്യമായ ഈ മീൻ മത്സ്യത്തൊഴിലാളികൾക്കിടയിൽ പോളവറ്റ എന്നാണ് അറിയപ്പെടുന്നത്. പുതിയ ഇനത്തിനു കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലെ (സിഎംഎഫ്ആർഐ) ശാസ്ത്രജ്ഞർ 'സ്കോംബറോയിഡ്സ് പെലാജിക്കസ്' എന്നു നാമകരണം ചെയ്തു. സിഎംഎഫ്ആർഐ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ ഇ. എം. അബ്ദു സമദിന്റെ നേതൃത്വത്തിലായിരുന്നു പഠനം. മാംസളമായ ശരീര ഘടനയുള്ള പോളവറ്റയ്ക്കു വിപണിയിൽ കിലോയ്ക്ക് 250 രൂപ വരെ വിലയുണ്ട്. ഇന്ത്യൻ തീരങ്ങളിൽ അറുപതോളം വറ്റ ഇനങ്ങളുണ്ട്. ഇതിൽ 4 ക്വീൻ ഫിഷുകളാണ് ഇതുവരെ കണ്ടിരുന്നത്. അഞ്ചാമതു ക്വീൻഫിഷാണു പോളവറ്റ.

**ഭക്ഷ്യയോഗ്യമായ പുതിയ ഇനം മത്സ്യത്തെ കണ്ടെത്തി**